*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 39D

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**ജാനുവരി 17, 2023**

# സ്വാമി സഹായിക്കാനും രക്ഷിക്കാനും പാഞ്ഞെത്തുന്നു

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ദുരന്തം ആഞ്ഞടിക്കുമ്പോൾ, ഭഗവാൻ ബാബ നമ്മെ സംരക്ഷിക്കുന്നു, ഏറ്റവും അടുത്ത ഒരു ബന്ധുവിനേക്കാളധികം. അതുകൊണ്ട്, അവിടുത്തെ എല്ലാ ഭക്തർക്കും, അവിടുന്ന് ആപത്ബാന്ധവനാകുന്നു. ആപത്ബാന്ധവൻ ഉറ്റബന്ധുവിനേക്കാൾ വലുതാണ്! ഈശ്വരനിൽ പൂർണവിശ്വാസം ഉള്ളവർ പൂർണമായും അവിടുന്നിന് ശരണാഗതിയടയുന്നു. അവരുടെ പൂർവകർമങ്ങൾക്കനുസൃതമായി, അവർക്ക് ദുരന്തങ്ങൾ നേരിടേണ്ടിവരും; പക്ഷേ ആ സമയത്ത് ഈശ്വരൻ അവരെ സഹായിക്കാനും രക്ഷിക്കാനുമായി ഓടിയെത്തുന്നു.




ഇത് വിശദമാക്കുന്ന ഒരു കഥ ഇതാണ്: ബാംഗ്ലൂരിൽ മി. കുൽക്കർണി എന്നു പേരുള്ള സ്വാമിയുടെ ഒരു ഭക്തൻ ജീവിച്ചിരുന്നു. 1964 ജൂലൈയിൽ, തന്റെ പൂജാമുറിയിലിരുന്ന് പൂജ ചെയ്യവേ, അദ്ദേഹത്തിന് തല ചുറ്റൽ അനുഭവപ്പെട്ട് മൂർച്ഛിച്ചു വീണു. ആ സമയത്ത് മിസ്സിസ് കുൽക്കർണിയും വേലക്കാരിയും മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. വേലക്കാരി ഓടിച്ചെന്ന് അയൽവാസിയായ മി. റിസ്ബഡി(Mr Risbud)നെ വിവരമറിയിച്ചു. റിസ്ബഡ് മറ്റൊരു അയൽക്കാരനെയും കൂട്ടി മി. കുൽക്കർണിയുടെ ഭവന

ത്തിലേക്ക് ഓടിവന്നു. കുൽക്കർണി തറയിൽ നിവർന്ന് കിടക്കുന്നതാണ് അവർ കണ്ടത്. അവർ രണ്ടുപേരും കൂടി അദ്ദേഹത്തെ താങ്ങിയെടുത്ത് കട്ടിലിൽ കിടത്തി. അങ്ങനെ ചെയ്യുമ്പോൾ, അദ്ദേഹത്തിന്റെ ശരീരത്തിന്റെ ഇടതുവശം തളർന്നതായി അവർക്ക് മനസ്സിലായി.

മി. റിസ്ബഡ് തിരക്കിട്ട് ഡോക്ടറെ വിളിക്കാനായി പോയി. റിസ്ബഡ് ഡോക്ടറുമായി



തിരിച്ചെത്തിയപ്പോൾ, മിസ്സിസ് കുൽക്കർണി അവരുടെ പൂജാമുറിയിൽ ഇരിക്കുന്നതാണ് കണ്ടത്. അവർ വളരെ ശാന്തയും അവരുടെ പ്രാർത്ഥനയിൽ വ്യാപൃതയുമായിരുന്നു. പെട്ടെന്ന്, സ്വാമിയുടെ ഫോട്ടോഗ്രാഫിൽനിന്ന് വിഭൂതി പൊഴിഞ്ഞു വീഴാൻ തുടങ്ങി. അപ്പോഴേക്കും, ഡോക്ടർ തളർച്ച കണ്ടെത്തി ചികിത്സ ആരംഭിച്ചിരുന്നു. വിഭൂതിവർഷം 4 ദിവസത്തേക്ക് തുടരെ ഉണ്ടായി. 4 ദിവസങ്ങൾക്കു ശേഷം അത് നിന്നു, എന്നാൽ അപ്പോഴേക്കും മി. കുൽക്കർണി അപകടനില തരണം ചെയ്തിരുന്നു, 2 മാസത്തിനകം അദ്ദേഹം പൂർവസ്ഥിതി പ്രാപിച്ചു.




ഒരുവൻ ഈ കഥയിൽനിന്ന് മനസ്സിലാക്കേണ്ടത് മിസ്സിസ് കുൽക്കർണിക്ക് സ്വാമിയിൽ ഉണ്ടായിരുന്ന പരിപൂർണ വിശ്വാസമാണ്. അവർ അവിടുന്നിൽ പൂർണ ശരണാഗതിയടഞ്ഞിരുന്നു. അതെ! വിഭൂതിയിലൂടെ സ്വാമി അവിടുത്തെ ദിവ്യ സാന്നിദ്ധ്യം പ്രകടമാക്കി, മി. കുൽക്കർണിയെ അപകടത്തിൽനിന്ന് രക്ഷപ്പെടുത്തി, അദ്ദേഹത്തിന് പൂർണസൗഖ്യം നൽകി.

മി. കുൽക്കർണിയുടെ അയൽവാസിയായ മി. റിസ്ബഡിന് ഒരു പുത്രനുണ്ടായിരുന്നു, അവൻ ഏതോ പരിശീലനത്തിനായി മുംബെയിലായിരുന്നു. ബാംഗ്ലൂരിലേക്ക് തിരികെ വരുന്നതിനുവേണ്ടി, അവൻ ഏതാനും ദിവസം അവധിയെടുത്തു. ബാംഗ്ലൂരിൽ എത്തുന്നതിനു മുമ്പേ, അവൻ ധർമ്മാവരം സ്റ്റേഷനിൽ ഇറങ്ങി, പുട്ടപർത്തിക്ക് പോയി. അവൻ സ്വാമിയുടെ ദർശനവും അനുഗ്രഹവും നേടിയിട്ട്, ബാംഗ്ലൂരിൽ എത്തുന്നതിനായി ധർമ്മാവരത്തിന് പുറപ്പെട്ടു. അവൻ സ്റ്റേഷനിൽ എത്തുമ്പോളേക്കും, പോലീസ് അവനെ തടഞ്ഞു, അവനോട് ധാരാളം ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി.

ഇന്തോ-ചൈന യുദ്ധകാലത്തായിരുന്നു ഇത്, പോലീസ് അധിക ജാഗ്രതയിലായിരുന്നു. അവർ വിശദമായി ചോദ്യം ചെയ്തുവെങ്കിലും, ഈ ചെറുപ്പക്കാരൻ ഭയപ്പെട്ടില്ല. ശാന്ത

നായി അവൻ തന്റെ പോക്കറ്റിൽനിന്നും സ്വാമിയുടെ ഫോട്ടോ പുറത്തെടുത്തു, അത് പോലീസിനെ കാണിച്ചു, താൻ സ്വാമിയുടെ ദർശനത്തിനായി പുട്ടപർത്തിയിൽ പോയിട്ട് തന്റെ സ്വന്തം നഗരത്തിലേക്ക് മടങ്ങുകയാണെന്നും അവരോട് പറഞ്ഞു. അവരിത് കേട്ട നിമിഷം, അവനെ പോകാനായി അനുവദിച്ചു, ബാംഗ്ലൂരിലേക്കുള്ള അവന്റെ യാത്ര അപകടമില്ലാതെ, സുരക്ഷിതമായിരുന്നു. അതാണ് ഭഗവാൻ ബാബ!

സ്വാമി അരുളുന്നു, "ഞാൻ ശുദ്ധ പ്രേമമാകുന്നു! ഞാൻ ആനന്ദം മാത്രം തരുന്നു, ആ ആനന്ദത്തിലൂടെ, നിങ്ങൾക്ക് പ്രേമം ലഭിക്കുന്നു!" ലോകമെമ്പാടുമുള്ള അസംഖ്യം ഭക്തർ സ്വാമിയുടെ പ്രേമം അനുഭവിച്ചിരിക്കുന്നു. അവിടുന്ന് നിരന്തരം പ്രേമം വർഷിക്കുന്നു എന്നത് ശാസ്ത്രീയമായും തെളിയിക്കപ്പെട്ടിട്ടുണ്ട്.



1976 ജൂലൈയിൽ, ഡോ. ഫ്രാങ്ക് ബാരോനോവ്സ്കി എന്നു പേരുള്ള ഒരു ശാസ്ത്രജ്ഞൻ ഒരു കിർലിയൻ ക്യാമറ ഉപയോഗിച്ച് സ്വാമിയുടെ ചിത്രമെടുത്തു. ജീവികൾക്ക് ചുറ്റുമുള്ള പ്രഭാവലയം പിടിച്ചെടുക്കാൻ പറ്റുന്ന പ്രത്യേക ക്യാമറയാണത്. ഡോ. ബാരോനോവ്സ്കി ഈ വിഷയത്തിൽ ധാരാളം ഗവേഷണം നടത്തിയിരുന്നു, സമൂഹത്തിന്റെ വിവിധ തുറകളിലുള്ള, വ്യത്യസ്ത മേഖലകളിലുള്ള ആളുകളുടെ ഫോട്ടോ, അവരുടെ പ്രഭാവലയം(aura) പഠിക്കുന്നതിനായി, അദ്ദേഹം എടുത്തിരുന്നു. സ്വാമിയുടെ ഫോട്ടോ നിരീക്ഷിക്കുമ്പോൾ, അദ്ദേഹം സ്തബ്ധനായി, കാരണം അതിനു മുമ്പൊരിക്കലും അത്തരത്തിലൊരു പ്രഭാവലയം അദ്ദേഹം കാണാനിടയായിട്ടില്ല, അത് വെള്ള, നീല, പിങ്ക് നിറങ്ങളുള്ളതും സ്വർണ, രജത വർണ രേഖകൾ ഉൾപ്പെട്ടതുമായിരുന്നു. ഈ നിറങ്ങൾ ശുദ്ധ ഘനീഭൂത പ്രേമത്തെ സൂചിപ്പിക്കുന്നവയാണ്.



സ്വാമിക്ക് അവിടുത്തെ ഭക്തരോടുള്ള പവിത്രമായ പ്രേമത്തെക്കുറിച്ച് ഒരു കഥയിതാണ്. 1966-ൽ, ഒരു ഇടത്തരം കുടുംബത്തിൽനിന്നുള്ള ദമ്പതിമാർ സ്വാമിയുടെ ദർശനത്തിനായി പ്രശാന്തിനിലയത്തിലെത്തി. സ്വാമി അവിടുത്തെ കൃപ ചൊരിഞ്ഞു, അവരെ ഇന്റർവ്യൂവിനായി വിളിച്ചു.

ഈ ഇന്റർവ്യൂവിൽ, അവിടുന്ന് ആ സ്ത്രീയോട് പറഞ്ഞു, "നിന്റെ ദു:ഖത്തിന്റെ കാരണം നീ ആരോടും വെളിപ്പെടുത്തിയിട്ടില്ലെങ്കിലും, എനിക്ക് അതെക്കുറിച്ച് അറിയാം! നീ ദു:ഖിതയായി കാണപ്പെടുന്നത് സാമ്പത്തിക പ്രയാസങ്ങൾ കാരണമാണെന്നാണ് നിന്റെ ഭർത്താവ് കരുതുന്നത്, എന്നാൽ അത് ശരിയല്ല! നീ വിഷമിക്കുന്നതിന്റെ കാരണം നിന്റെ ആധിയാണ്. നീ നിന്റെ സഹോദരനെ ഓർത്താണ് ആധിപ്പെടുന്നത്. എന്നെ നീ നിന്റെ മാതാ, പിതാ, ഗുരു, ഭ്രാതാ, സുഹൃത്ത് എന്നൊക്കെയല്ലേ വിളിക്കാറ്, ശരിയല്ലേ? അപ്പോൾ, നീ എന്തിനാണ് പരിഭ്രമിക്കുന്നത്? ഇപ്പോൾ മുതൽക്ക്, നീ ആധിയിൽ നിന്ന് മുക്തയാണ്. സന്തോഷമായി വീട്ടിലേക്ക് പൊയ്ക്കോളൂ!"

അങ്ങനെ, സ്വാമിയുടെ അനുഗ്രഹത്തോടെ സന്തോഷപൂർവം അവർ വീട്ടിലേക്ക് മടങ്ങി. വലിയ ഒരു അതിശയം അവരെ കാത്തിരിപ്പുണ്ടായിരുന്നു. അതിന്റെ കാരണവും വളരെ അസാധാരണമായിരുന്നു. ഈ സ്ത്രീയുടെ സഹോദരൻ 1942-ൽ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിരുന്നു. അയാൾക്ക് ഒരു പോലീസ് ലാത്തിച്ചാർജിൽ പരിക്കേറ്റിരുന്നു. തലയ്ക്ക് അടിയേറ്റ് അയാൾ അബോധാവസ്ഥയിലായി. ബോധം തിരിച്ചുകിട്ടിയപ്പോൾ, അയാൾക്ക് ഓർമ്മ നഷ്ടമായിരുന്നു. സഹോദരന്റെ അവസ്ഥയോർത്തിട്ട് ആ സ്ത്രീക്ക് വളരെ ആകാംക്ഷയുണ്ടായിരുന്നു, പ്രത്യേകിച്ച്, തന്റെ കാലം കഴിഞ്ഞാൽ അയാളുടെ ക്ഷേമമോർത്തിട്ട്. എന്നാൽ, പ്രേമസ്വരൂപനായ സായി, അവൾക്ക് ഈ ഉറപ്പു നൽകി, അവളുടെ ആധി അകറ്റുകയുണ്ടായി.




ദമ്പതിമാർ വീട്ടിലെത്തുമ്പോൾ, സഹോദരൻ അവരുടെ വരവും കാത്ത് വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. നീണ്ട 24 വർഷങ്ങൾക്കു ശേഷം, അയാൾ അത്ഭുതകരമായി സുഖപ്പെട്ടു, ഒരു സാധാരണ മനുഷ്യനായി മാറി. പ്രേമസ്വരൂപനായ സായിയിൽ നിന്നുള്ള ഒരു സമ്മാനമായിരുന്നു ഇത്!

സന്ത് തുക്കാറാം പറയുന്നു, "പ്രേമം എന്നത് ഈശ്വരന്റെ സമ്മാനമാകുന്നു. അത് ശരീരബോധം നീക്കുന്നു, ഈശ്വരനുമായി ഒന്നിപ്പിക്കുന്നു." എത്ര ശരിയാണത്!

സ്വാമി അരുളുന്നു, ''പ്രേമമാണ് എന്റെ സ്വരൂപം!'' പ്രേമസ്വരൂപൻ അവിടുത്തെ കൃപാ പൂർണമായ കടാക്ഷത്താൽ ഓരോരുത്തരിലും ഉപാധിരഹിതമായ പ്രേമം ചൊരിയുന്നു.

ഷിർദ്ദി അവതാരകാലത്ത് നിരവധി പേർ സായിനാഥിന്റെ കോപത്തിന്റെ സ്വീകർത്താക്ക ളായിരുന്നു. എന്നിരുന്നാലും, ആ കോപത്തിന്റെ അടിത്തട്ടിൽ ഭക്തരോടുള്ള പ്രേമമായിരു ന്നു.

പർത്തി അവതാരത്തിൽ, ശ്രീ സത്യസായി പ്രേമം മാത്രം ചൊരിയുന്നു, ആരോടും അവി ടുന്ന് കോപിക്കാറില്ല. ഒരിക്കൽ ആരോ ഇതെക്കുറിച്ച് സ്വാമിയോട് അന്വേഷിച്ചപ്പോൾ, അവിടുന്ന് പറഞ്ഞു, ''അമ്മ പാകം ചെയ്യുമ്പോൾ, അവളുടെ കുഞ്ഞ് തടസ്സത്തിനു വന്നാൽ അവൾ ദേഷ്യപ്പെടും. എന്നാൽ അവൾ ഭക്ഷണം വിളമ്പുമ്പോൾ അവൾ അതേ കുഞ്ഞിനെ, അതിന് നിറയുന്നതുവരെ, വളരെ പ്രേമപൂർവം ഊട്ടുകയും ചെയ്യും.''

പ്രേമസ്വരൂപനായ സായിയുടെ കൃപയെ സംബന്ധിച്ച ഒരു കഥയുണ്ട്. കുറച്ചു വർഷം മുമ്പ്, പുട്ടപർത്തി സ്കൂളിലെ വിദ്യാർത്ഥികൾ സ്വാമിയുടെ ദർശനത്തിനായി ഇരിക്കുകയാ ണ്. ദർശൻഹാളിലെ അവിടുത്തെ റൗണ്ടിനു ശേഷം, സ്വാമി വരാന്തയിലെത്തി. അവിടുന്ന് ഒരു നിമിഷം നിന്നിട്ട്, പുറകിലേക്ക് തിരിഞ്ഞു. കുട്ടികൾ ഇരിക്കുന്ന വരികളുടെ അടു ത്തേക്ക് അവിടുന്ന് വന്നു, ഒരു കുട്ടിയുടെ മുമ്പിൽ വന്നു നിന്നു, അവനെ തറപ്പിച്ചു നോക്കി.

ഉറച്ച ശബ്ദത്തോടെ സ്വാമി ആ കുട്ടിയോട് ചോദിച്ചു, ''നിനക്ക് പോവാൻ വയ്യേ? നിനക്ക് ഡോക്ടറെ കാണാൻ പറ്റില്ലേ? നിനക്ക് ഡോക്ടറെ കാണാൻ വയ്യേ?''

സ്വാമി ആ കുട്ടിയോട് എന്തിനാണ് മുഷിഞ്ഞത്? ആ കുട്ടിക്ക് മുണ്ടിനീരാ(mumps)യിരു ന്നു. പോയ രണ്ട് ദിവസങ്ങളായി, അവന്റെ കവിളൊക്കെ നീരു വന്ന് വീർത്തിരിക്കുകയാ ണ്, അവൻ വേദന കൊണ്ട് ചൂളുകയായിരുന്നു.

സ്വാമി ഈ ചോദ്യം ചോദിച്ചപ്പോൾ, ആ കുട്ടി നിഷ്കളങ്കമായി മറുപടി പറഞ്ഞു, ''സ്വാമീ, അവിടുന്ന് എന്റെ എല്ലാമായിരിക്കെ, ഞാനെന്തിന് ഡോക്ടറുടെ അടുത്ത് പോകണം?''

സ്വാമി പൊട്ടിച്ചിരിച്ചു. ഉറക്കെ ചിരിച്ചു. ''അതെ!'' അതാണ് പലപ്പോഴും നമ്മുടെ അനുഭ വം. അവിടുന്ന് പതിയെ ആ കുട്ടിയുടെ പുറത്ത് തടവി, എന്നിട്ട് നടന്നകന്നു.

പിറ്റേ ദിവസം, ആ കുട്ടിയെ കണ്ടവരൊക്കെ അതിശയിച്ചു, എന്തുകൊണ്ടെന്നാൽ അവൻ പൂർണമായും നോർമലായി കാണപ്പെട്ടു. അവന്റെ കവിളത്തെ നീര് പൊയ്പോയിരുന്നു,

വേദനയും അപ്രത്യക്ഷമായിരുന്നു. എന്നാൽ, സ്വാമി അവിടുത്തെ റൗണ്ടിനു ശേഷം തിരിച്ചു വന്നപ്പോൾ, അവന്റെ കവിളത്തെ നീര് ഓരോരുത്തരും കണ്ടതാണ്.

“ആ നിഷ്കളങ്കനായ കുട്ടി അത്രമാത്രം വിശ്വാസത്തോടെ അവന്റെ സകല ഭാരവും എന്നിൽ സമർപ്പിച്ചു. എനിക്കെങ്ങനെ അവനെ ഉപേക്ഷിക്കാനാവും? എനിക്ക് അവനെ വേദനയിൽനിന്ന് മുക്തനാക്കേണ്ടിയിരുന്നു!”




അതാണ് നമ്മുടെ പ്രിയങ്കരനായ ഭഗവാൻ.

സന്ത് തുക്കാറാം പറയുന്നു, “ഹരിയുടെ നാമം എവിടൊക്കെ ജപിക്കപ്പെടുന്നുണ്ടോ, അവിടെ പ്രേമം വസിക്കുന്നു! പ്രേമം ഈശ്വ രനിൽ നിന്നു വന്ന് അവിടുത്തെ ഭക്തരെ തെരയുന്നു!”

അതെ! സ്വാമി അരുളുന്നു, “എനിക്ക് നിങ്ങളിൽനിന്ന് ഒന്നും വേണ്ട. നിങ്ങൾ എനിക്ക് എന്തെങ്കിലും തരണമെന്ന് ആഗ്രഹിക്കുന്നു എങ്കിൽ, നിങ്ങളുടെ പ്രേമം മാത്രം തരിക! പ്രേമം തുളുമ്പുന്ന ഒരു പവിത്ര ഹൃദയം എനിക്ക് സമർപ്പിക്കപ്പെട്ടാൽ, എന്റെ കൈകൾ അത് സ്വീകരിക്കാനായി നീളുന്നു. ഇല്ലെങ്കിൽ, അത് സദാ നൽകുക മാത്രം ചെയ്യും! അത് ഒരിക്കലും സ്വീകരിക്കില്ല!”

സ്വാമി ഇപ്രകാരവും അരുളുന്നു, “പ്രേമം ഈശ്വരനാകുന്നു, ഈശ്വരൻ പ്രേമമാകുന്നു.”

ഒരു വ്യക്തിയുടെ ആദ്ധ്യാത്മിക പുരോഗതിയുടെ ശരിയായ അളവുകോൽ ദിവ്യപ്രേമമാ കുന്നു. നമുക്കത് ഈശ്വരനിൽനിന്ന് നേരിട്ട് ലഭിക്കുന്നു. നാം ‘നല്ലത് കാണുക, നല്ലവ രാവുക, നല്ലത് ചെയ്യുക’ ഇത് പരിശീലിക്കുകയാണെങ്കിൽ, നമുക്ക് ഈശ്വരപ്രേമത്തിന് പാത്രീഭൂതരാവാം.

നമുക്ക് നിരാലംബരെയും അടിസ്ഥാനസൗകര്യങ്ങൾ പോലും ഇല്ലാത്തവരെയും സഹാ യിക്കാൻ പല മാർഗങ്ങളുണ്ട്. അവരെ സേവിക്കുമ്പോൾ ഈശ്വരന്റെ പ്രതിബിംബം അവ രിൽ ദർശിക്കാൻ നമുക്ക് കഴിഞ്ഞാൽ, നമുക്ക് ദിവ്യപ്രേമം അനുഭവിക്കാനാവും.

സ്വാമിയുടെ പ്രേമത്തിന്റെ സ്വീകർത്താവായ, മുംബെയിൽനിന്നുള്ള ഒരു ഡോക്ടറുടെ കഥ പറയാം. 2002 ഫെബ്രുവരിയിൽ, ഒരു വിവാഹച്ചടങ്ങിൽ പങ്കെടുക്കുന്നതിനായി

ഡോക്ടർക്ക് ചെന്നൈയിലേക്ക് പോകേണ്ടിയിരുന്നു. അദ്ദേഹത്തിന്റെ ഒരു സുഹൃത്തും ഇതേ വിവാഹത്തിനായി ക്ഷണിക്കപ്പെട്ടിരുന്നു. അതുകൊണ്ട്, കൂടെപ്പോരുന്നോ എന്ന് ഡോക്ടർ തിരക്കിയപ്പോൾ, പോവുന്ന വഴിക്ക് ഡോക്ടർ പുട്ടപർത്തിക്ക് പോയാൽ ഒപ്പം ചെല്ലാം എന്ന ഉപാധി വച്ചു സുഹൃത്ത്. ഡോക്ടർ സമ്മതിച്ചു, അവരിരുവരും പ്രശാന്തിനിലയത്തിലെത്തി. നോക്കൂ! ഇപ്രകാരമാണ് സ്വാമി ഇച്ഛിക്കുന്നതും പ്ലാൻ ചെയ്യുന്നതും.

അവർ ദർശനത്തിനായി ഇരുന്നു, സ്വാമി അവരെ ഇന്റർവ്യൂവിനായി ക്ഷണിച്ചു. അതേ ദിവസം തന്നെ, അവർ മറ്റു കുറച്ച് ഭക്തർക്കൊപ്പം ഇന്റർവ്യൂ മുറിയിൽ പ്രവേശിച്ചപ്പോൾ, സ്വാമി ഡോക്ടറുടെ സുഹൃത്തിന് ഇരിക്കാനായി ഒരു കസേര കൊടുത്തിട്ട് പറഞ്ഞു, "കസേരയിൽ ഇരിക്കൂ! നിനക്ക് തറയിലിരിക്കാൻ കഴിയില്ല. ശരിയല്ലേ?"

ആ മാന്യൻ അതിശയിച്ചു, എന്തുകൊണ്ടെന്നാൽ അദ്ദേഹം ഇതിനുമുമ്പ് സ്വാമിയെ കണ്ടിട്ടില്ല. കൃപയുടെ സമ്മാനങ്ങളായി, ബാബ ആ മുറിയിൽ ഇരുന്നവരിൽ ചിലർക്ക് എന്തൊക്കെയോ സൃഷ്ടിച്ചു നൽകുകയുണ്ടായി. എന്നിട്ട് അവിടുന്ന് ഡോക്ടറുടെ നേരെ തിരിഞ്ഞിട്ട് ആരാഞ്ഞു, "നിനക്കെന്തു വേണം?"

"അവിടുത്തെ കൃപ മാത്രം!" ഡോക്ടർ മറുപടി പറഞ്ഞു.

സ്വാമി പുഞ്ചിരിച്ചു, അദ്ദേഹത്തിന്റെ പ്രാക്ടീസിനെ കുറിച്ച് അന്വേഷിച്ചു. ഡോക്ടർ പറഞ്ഞു, "പാവപ്പെട്ട രോഗികളിൽനിന്നും ഞാനൊന്നും വാങ്ങാറില്ല. ഞാൻ അവർക്ക് മരുന്നും സൗജന്യമായി കൊടുക്കും!"

ആ മറുപടിയിൽ സ്വാമി വളരെ തൃപ്തനായതുപോലെ തോന്നിച്ചു. അവിടുന്ന് ഡോക്ടറെ അനുഗ്രഹിച്ചിട്ട് പറഞ്ഞു, "ശ്രീ സിദ്ധി വിനായകൻ കരുണാപൂർണമായ കടാക്ഷങ്ങളാൽ നിന്നെ നോക്കുന്നുണ്ട്!



ഡോക്ടറുടെ ഡിസ്പൻസറി മുംബെയിലെ ശ്രീ സിദ്ധി വിനായക മന്ദിറിന് തൊട്ടടുത്തായിരുന്നു. പിറ്റേ ദിവസം ദർശനവേളയിൽ, കുറച്ചകലത്തുനിന്നേ സ്വാമി വളരെ പ്രേമ

പൂർവം ഡോക്ടറെ നോക്കി, അനുഗ്രഹപൂർവം അവിടുത്തെ കരങ്ങളുയർത്തി, എന്നിട്ട് മുന്നോട്ട് നടന്നു. നടക്കുന്ന വഴിക്ക്, അവിടുന്ന് സേവാദൾ വാളന്റിയർക്ക് എന്തോ നിർദ്ദേശം നൽകുന്നുണ്ടായിരുന്നു. അൽപസമയത്തിനകം, ആ വാളന്റിയർ ഡോക്ടറുടെ അടുത്തു ചെന്നു, അദ്ദേഹത്തെയും സുഹൃത്തിനെയും ഗണേശ് ഗേറ്റിലേക്ക് കൂട്ടിക്കൊണ്ടു പോയി. അവിടെ ഒരു കാറ് കാത്തു കിടപ്പുണ്ടായിരുന്നു. സേവാദൾ വാളന്റിയർ ആ കാറിൽ അവരെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലേക്ക് കൂട്ടിക്കൊണ്ടുപോയി.

സ്വാമിയുടെ നിർദ്ദേശപ്രകാരം, അവരെ ഓരോ ഡിപ്പാർട്ട്മെന്റിലും കൊണ്ടുപോയി. അത് ഡോക്ടറെ ഏറെ സ്പർശിച്ചു. സ്വാമിയുടെ പ്രേമവും ശ്രദ്ധയും അനുഭവിക്കാനിടയായതിൽ അദ്ദേഹം വളരെ കൃതജ്ഞതയുള്ളവനായിരുന്നു, നിർദ്ധനർക്കുള്ള തന്റെ സേവയ്ക്ക് ഭഗവാൻ ബാബയുടെ പാരിതോഷികമാണതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

നമുക്ക് പിന്നീട് കാണാം!

നിങ്ങളുടെ സമയത്തിന് വളരെ നന്ദി!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)